ഉത്തരം

(എ) പി.എസ്.സി. മുഖാന്തിരം ഡെന്റൽ സർജൻമാരുടെ ഒഴിവുകൾ നികത്തിയിട്ടുണ്ട്.

(ബി) 48 പേർക്ക്.

(സി) രണ്ട് ഒഴിവുകൾ.

(ഡി) പി.എസ്.സി. മുഖാന്തിരം നിയമനം ലഭിച്ച മൂന്നുപേർ ഉപരിപഠനത്തിലായതിനാൽ സർവ്വീസിൽ പ്രവേശിക്കുന്നതിന് കൂടുതൽ സമയം അനുവദിച്ചിട്ടുണ്ട്. അവരിൽ രണ്ടുപേർക്ക് അനുവദിച്ച സമയം മേയ്മാസത്തിൽ അവസാനിക്കും. ഇപ്പോൾ ഈ രണ്ട് ഒഴിവുകളും നികത്താൻ കഴിയും.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

206 (2522) വൊക്കേഷണൽ ഹയർസെക്കണ്ടറി മെഡിക്കൽ ലാബ് ടെക്നീഷ്യൻ കോഴ്സ്

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാബോറട്ടറി ടെക്നീഷ്യൻ തസ്തികയിൽ നിയമനത്തിന് വൊക്കേഷണൽ ഹയർ സെക്കണ്ടറി മുഖേന മെഡിക്കൽ ലാബ് ടെക്നീഷ്യൻ കോഴ്സ് പാസ്സായവരെക്കൂടി പരിഗണിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ,

(ബി) എങ്കിൽ പി.എസ്.സി. മുഖേന അപേക്ഷ ക്ഷണിക്കുമ്പോൾ ഈ വിഭാഗം ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്താൻ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര-സംസ്ഥാന അംഗീകൃത ആരോഗ്യ സ്ഥാപനങ്ങളിൽ ഒരു വർഷത്തെ അപ്രന്റീസ്ഷിപ്പ് പൂർത്തിയാക്കിയ എം.എൽ.റ്റി.ക്കാർക്ക് പ്രത്യേക പരിഗണന പി.എസ്.സി. നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) വി.എച്ച്.എസ്.സി., എം.എൽ.റ്റി. കോഴ്സ് പാസ്സായവരുടെ ഉപരിപഠനത്തിന് ബി.എസ്.സി. മൈക്രോബയോളജി, ബി.എസ്.സി. ബയോകെമിസ്ട്രി കോഴ്സുകൾ ആരംഭിക്കുമോ?

ഉത്തരം

(എ)&(ബി) വി.എച്ച്.എസ്.ഇ. യിലെ എം.എൽ.റ്റി. കോഴ്സിന് ലബോറട്ടറി ടെക്നോളജി അവരുടെ പാഠ്യവിഷയങ്ങളിൽ ഒന്നു മാത്രമാണ്. എന്നാൽ മെഡിക്കൽ കോളേജുകളിലെ ഡി.എം.എൽ.റ്റി. കോഴ്സ് രണ്ടു വർഷത്തെ മുഴുവൻ സമയ കോഴ്സാണ്. അതുകൊണ്ട് പി.എസ്.സി. വഴിയുള്ള ലാബോറട്ടറി ടെക്നീഷ്യൻ നിയമനത്തിന് വൊക്കേഷണൽ ഹയർ സെക്കണ്ടറി മുഖേന മെഡിക്കൽ ലാബ് ടെക്നീഷ്യൻ കോഴ്സ് പാസ്സായവരെ പരിഗണിക്കാൻ നിർവ്വാഹമില്ല.

(സി) അപ്രന്റീസ്ഷിപ്പ് പൂർത്തിയായതിന്റെ പേരിൽ എം.എൽ.റ്റി. ക്കാർക്ക് പി.എസ്.സി. നിയമനങ്ങൾക്ക് പ്രത്യേകപരിഗണന നൽകേണ്ട ആവശ്യമുള്ളതായി കാണുന്നില്ല.

(ഡി) വി.എച്ച്.എസ്.ഇ.-എം.എൽ.റ്റിയുടേയും മെഡിക്കൽ കോളേജുകളിൽ നടത്തുന്ന ഡി.എം.എൽ.റ്റി. കോഴ്സുകളുടേയും പ്രവേശനത്തിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനയോഗ്യതകൾ തമ്മിൽ വ്യത്യാസം ഉണ്ട്. വി.എച്ച്.എസ്.സി യിൽ ലാബോറട്ടറി ടെക്നോളജി അവരുടെ പാഠ്യവിഷയങ്ങളിൽ ഒന്നുമാത്രമാണ്. എന്നാൽ മെഡിക്കൽ കോളേജുകളിൽ നടത്തുന്ന ഡി.എം.എൽ.റ്റി. കോഴ്സ് പ്രീഡിഗ്രിക്കുശേഷമുള്ള രണ്ടുവർഷത്തെ മുഴുവൻസമയ കോഴ്സാണ്. അതു കൊണ്ട് വി.എച്ച്.എസ്.ഇ. എം.എൽ.റ്റി. കോഴ്സ് പാസ്സായവർക്ക് ബി.എസ്. സി. മൈക്രോബയോളജി, ബി.എസ്.സി. ബയോകെമിസ്ട്രി എന്നീ കോഴ്സു കൾ ആരംഭിക്കുവാൻ ഉദ്ദേശമില്ല.

207 (2523) ലബോറട്ടറി ടെക്നീഷ്യന്മാരുടെ ഒഴിവുകൾ

<u>ശ്രീ. വി. ബാലറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.എച്ച്.എസിന്റേയും, ഡി.എം.ഇ.യുടേയും കീഴിൽ ലബോറ ട്ടറി ടെക്നീഷ്യൻ കോഴ്സ് പാസ്സായ എത്രപേർ ഡെയ്ലി വേജസിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ജോലി ചെയ്യുന്നുണ്ട്;

(ബി) ഇവരിൽ ഏറ്റവും കൂടുതൽ സർവ്വീസുള്ളവരുടെ സർവ്വീസ് ദൈർഘ്യം എത്രയാണ്;

(സി) എത്ര സ്ഥിരം ഒഴിവുകളിൽ ഇത്തരത്തിൽപ്പെട്ടവർ ജോലി ചെയ്യുന്നുണ്ട്;

(ഡി) ഡി.എച്ച്.സിന്റേയും ഡി.എം.ഇ. യുടേയും കീഴിൽ ബ്ലഡ്ബാങ്ക് ടെക്നീഷ്യന്മാരായി നിയമിക്കപ്പെടുന്നതിന് ഏറ്റവും ഒടുവിൽ പി.എസ്.സി. അപേക്ഷ ക്ഷണിച്ചത് എന്നായിരുന്നു;

(ഇ) അന്ന് എത്ര ഒഴിവുകളുണ്ടായിരുന്നു; പിന്നീട് എത്ര ഒഴിവുകൾ ഉണ്ടായി;

(എഫ്) ഈ തസ്തികയിലേക്ക് അപേക്ഷിച്ചവരിൽ നിന്ന് നിയമന ത്തിന് യോഗ്യരായവരുടെ ലിസ്റ്റ് പി.എസ്.സി. പ്രസിദ്ധീകരിച്ചതെന്നാണെന്ന് അറിയിക്കുമോ; ഇതിൽ നിന്ന് എത്ര പേരെ നിയമിച്ചു;

(ജി) ബാക്കിയുള്ള ഒഴിവുകൾ നികത്താത്തതിന്റെ കാരണം വ്യക്ത മാക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 35 പേരും ബോണ്ടടിസ്ഥാനത്തിൽ 4 പേരും ജോലി ചെയ്യു ന്നുണ്ട്. ഡെയ്ലിവേജസിൽ ആരും ഇല്ല. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ട റുടെ കീഴിൽ 19 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും 3 പേർ ഡെയ്ലി വേജസിലും ലബോറട്ടറി ടെക്നീഷ്യന്മാരായി ജോലി ചെയ്യുന്നുണ്ട്.

(ബി) ഇവരിൽ ആരോഗ്യ വകുപ്പു ഡയറക്ടറുടെ കീഴിൽ സർവ്വീസി ലുള്ളവരുടെ ഏറ്റവും കൂടുതൽ സർവീസ് ദൈർഘ്യം 11 മാസമാണ്! ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ എംപ്ലോയ്മെന്റ് നിയമനം - 1 വർഷവും ഡെയ്ലി വേജസ് - 1 മാസവും കാലദൈർഘ്യമുള്ളവർ സർവ്വീസി ലുണ്ട്.

(സി) ഉത്തരം 'എ' യിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാവരും സ്ഥിരം ഒഴിവു കളിലാണ് ജോലി ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly